CIRCULAR 2026

# Together in Christ

PYPA **KOTTARAKKARA** ZONE



PENTECOSTAL YOUNG PEOPLE'S ASSOCIATION
KOTTARAKKARA ZONE

യുവശബ്ദം
YUVASHABHDAM

PYPA KOTTARAKARA ZONE EXECUTIVES

# LEADING TOGETHER


**Br. JERIN JAMES**
PRESIDENT


**Br. MATHEW JOHN**
SECRETARY


**Br. BIBIN SAM VETTIKKAL**
TREASURER


**Br. SHAWN G WILSON**
VICE PRESIDENT


**Evg. SABIN PARAKKADAVIL**
JT. SECRETARY


**Sis. AMRUTHA SHIBIN GILEAD**
JT. SECRETARY


**Br. ABIN PONNACHAN**
PUBLICITY

## PYPA KOTTARAKARA ZONE COMMITTEE MEMBERS


**DENNY MATHEW**
GENERAL COORDINATOR


**GODLY VARGHESE**
GENERAL JT. COORDINATOR


**SAM K. ALEX**
OFFICE SECRETARY


**PR. BITTY MATHAI**
PRAYER CONVENOR


**PR. SHINE KATTAPPANA**
EVANGELISM CONVENOR


**PR. THOMAS CHERIAN**
YUVASHABDAM CHIEF EDITOR


**SAMUVEL S**
SPORTS CONVENOR


**SAM THOMAS**
CHARITY CONVENOR


**ABEL K JOSE**
CHARITY CONVENOR


**BINU MOHANAN**
TALENT CONVENOR


**JOEL JOHN BIJUMON**
MUSIC CONVENOR


**JUSTIN B. GEORGE**
MUSIC CONVENOR


**PR. AJISH JOHN**
PRAYER CONVENOR


**PR. JOHNSON THOMAS**
PRAYER CONVENOR


**PR. SAJAN N K**
EVANGELISM CONVENOR


**JEENU S.**
JT. TALENT CONVENOR


**ROBERT REJI**
JT. TALENT CONVENOR


**RENJITH KUMAR. M**
YUVASHABDAM SUB EDITOR


**PR. JIBIN JOHNSON**
COUNCIL MEMBER


**ABEL T. SAMUEL**
COUNCIL MEMBER


**ANSON G JOSE**
COUNCIL MEMBER


**CHRISTY MATHEW**
COUNCIL MEMBER


**AJI B**
COUNCIL MEMBER


**SUBIN BIJU**
COUNCIL MEMBER

# പ്രസിഡന്റിൽ നിന്നും.....

പ്രിയ PYPA സഹോദരങ്ങളെ...,

കർത്താവായ യേശുക്രിസ്തുവിന്റെ ധന്യനാമത്തിൽ എല്ലാവർക്കും ഹൃദയം നിറഞ്ഞ സ്നേഹവന്ദനം,

1947 ഓഗസ്റ്റ് 30 ന് ആലുവ യു.സി. കോളേജിലെ ഒരു ചെറിയ ഹോസ്റ്റൽ മുറിയിൽ കേവലം ഒരു പ്രാർത്ഥനാ കൂട്ടായ്മയായി ആരംഭിച്ച നമ്മുടെ പ്രസ്ഥാനം ഇന്ന് 80 വർഷങ്ങളുടെ നിറവിലാണ്. ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ പെന്തക്കോസ്ത് യുവജന പ്രസ്ഥാനങ്ങളിലൊന്നായി PYPA ഇന്ന് വളർന്നിരിക്കുന്നു. സഭയ്ക്കും സമൂഹത്തിനും ഒരുപോലെ താങ്ങായിക്കൊണ്ട് സുവിശേഷവൽക്കരണം, ജീവകാരുണ്യ പ്രവർത്തനങ്ങൾ, ലഹരിവിരുദ്ധ കാമ്പെയ്നുകൾ എന്നിവയ്ക്ക് നേതൃത്വം നൽകാൻ നമുക്ക് സാധിക്കുന്നു. മാത്രമല്ല, പാവപ്പെട്ടവർക്ക് ആശ്വാസമേകാനും, നാളെയുടെ വാഗ്ദാനങ്ങളായ ഉത്തമ നേതാക്കളെയും സുവിശേഷ പോരാളികളെയും വാർത്തെടുക്കാനും, യുവജനങ്ങളെ ക്രിസ്തു സ്നേഹത്തിൽ ഒന്നിപ്പിക്കാനും ഈ പ്രസ്ഥാനം വഹിക്കുന്ന പങ്ക് നിസ്തുല്യമാണ്. ഈ മഹത്തായ സംഘടനയുടെ ഭാഗമായിരിക്കുക എന്നത് നമ്മളോരോരുത്തർക്കും തികഞ്ഞ അഭിമാനം നൽകുന്ന കാര്യമാണ്.

അഭിമാനകരമായ ഈ പാരമ്പര്യം നാം പേറുമ്പോഴും, 'കാലം ഒരു വലിയ പുസ്തകമാണ്; അതിലെ ഓരോ ഏടും നമ്മെ പലതും പഠിപ്പിക്കുന്നു' എന്ന കാര്യം നാം ഓർക്കേണ്ടതുണ്ട്. നമ്മുടെ പ്രസ്ഥാനം ഇന്ന് കടന്നുപോകുന്ന സവിശേഷമായ ചില സാഹചര്യങ്ങളെക്കുറിച്ച് പ്രിയ കൂട്ടുകാർ ബോധവാന്മാരാണല്ലോ. പടർന്നു പന്തലിച്ച ഒരു വൻവൃക്ഷത്തിൽ കാറ്റും കോളും ഏൽക്കുന്നത് സ്വാഭാവികമാണ്. വിമർശനങ്ങളെയും പ്രതിസന്ധികളെയും തികഞ്ഞ ആത്മീയ പക്വതയോടെ നേരിടുക എന്നതാണ് ഈ കാലഘട്ടം നമ്മോട് ആവശ്യപ്പെടുന്നത്.

മഹാകവി കുമാരനാശാൻ പാടിയതുപോലെ,

'സ്നേഹമാണഖിലസാരമൂഴിയിൽ...'

ഈ സ്നേഹത്തിന്റെ പാതയിലൂടെ വേണം നാം മുന്നോട്ട് പോകാൻ. ഇരുട്ട് പരക്കുമ്പോഴാണ് വെളിച്ചത്തിന് തിളക്ക മേറുന്നത്. വ്യക്തിപരമായ താല്പര്യങ്ങൾ മാറ്റിവെച്ച്, ഐക്യത്തിനും നന്മയ്ക്കും വേണ്ടി PYPA യുവജനങ്ങൾ ഒരു വലിയ കോട്ടയായി, ഒറ്റക്കെട്ടായി നിലകൊള്ളേണ്ട സമയമാണിത്.

"Saved to Serve" (സേവനത്തിനായി രക്ഷിക്കപ്പെട്ടു)

ഇതാണ് നമ്മുടെ ആപ്തവാക്യം. നമ്മെ ദൈവം വിളിച്ചതും വേർതിരിച്ചതും ക്രിസ്തുവിന്റെ സ്നേഹവും സമാധാനവും സമൂഹത്തിന് പകർന്നു നൽകാനാണ്. അന്ധകാരത്തിൽ നിൽക്കുന്നവർക്ക് വെളിച്ചമാകാനും, തളർന്നവർക്ക് താങ്ങാകാനും നമ്മുടെ സേവനങ്ങൾക്ക് കഴിയണം. വെല്ലുവിളികൾക്ക് നാം മറുപടി നൽകേണ്ടത് കൂടുതൽ നന്മകൾ ചെയ്തുകൊണ്ടാണ്.

Together in Christ (ക്രിസ്തുവിൽ ഒരുമിച്ച്) എന്നത് നമ്മുടെ കേവലമൊരു മുദ്രാവാക്യമല്ല; മറിച്ച്, പ്രതിസന്ധികളെ നേരിടാനുള്ള നമ്മുടെ ഏറ്റവും വലിയ ആയുധമാണ്. തിരുവചനത്തിൽ നാം ഇപ്രകാരം വായിക്കുന്നു: 'ഇതാ സഹോദരന്മാർ ഒത്തൊരുമിച്ച് വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവും ആകുന്നു!' (സങ്കീർത്തനങ്ങൾ 133:1). നമ്മെ ഭിന്നിപ്പിക്കാൻ ശ്രമിക്കുന്ന ഏത് ശക്തികൾക്കും മുന്നിൽ, ക്രിസ്തുവിലുള്ള ഈ ഐക്യം ഒരു വൻമതിലായി നിലകൊള്ളണം. വ്യത്യസ്തമായ കഴിവുകളും ചിന്തകളും ഉള്ളവരാണെങ്കിലും, നാം ക്രിസ്തുവാകുന്ന തലയോട് ചേർന്നുനിൽക്കുന്ന ഒരൊറ്റ ശരീരമാണ്. നമ്മെ വേർതിരിക്കുന്ന ചിന്തകളെക്കാൾ നമ്മെ ഒന്നിപ്പിക്കുന്ന ക്രിസ്തുസ്നേഹത്തിന് നമുക്ക് പ്രാധാന്യം നൽകാം. അതെ, വരുംനാളുകളിൽ നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം, ഒരുമിച്ച് അധ്വാനിക്കാം, സഭയുടെയും പ്രസ്ഥാനത്തിന്റെയും വളർച്ചയ്ക്കായി ക്രിസ്തുവിൽ ഒരുമിച്ച് നിൽക്കാം.

ദൈവം നമ്മെയും നമ്മുടെ പ്രസ്ഥാനത്തെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

*സ്നേഹപൂർവ്വം*

**ജെറിൻ ജി. ജെയിംസ്**

**പ്രസിഡന്റ്**

പി വൈ പി എ കൊട്ടാരക്കര മേഖല



# ഉറച്ച ചുവടുകളോടെ മുന്നോട്ട്: മാതൃകാപരമായ പ്രവർത്തനങ്ങളുമായി ഒത്തൊരുമയോടെ കൊട്ടാരക്കര മേഖലാ പി.വൈ.പി.എ.

യുവജനങ്ങളുടെ ആത്മീയ ഉന്നമനവും സാമൂഹിക പ്രതിബദ്ധതയും മുൻനിർത്തി, ഐക്യത്തോടെയും ഉറച്ച ചുവടുകളോടെയും സമാനതകളില്ലാത്ത മുന്നേറ്റമാണ് ചുരുങ്ങിയ നാളുകൾക്കുള്ളിൽ കൊട്ടാരക്കര മേഖലാ പി.വൈ.പി.എ. കാഴ്ചവെച്ചത്. യുവതലമുറയെ തിരുവചനത്തിൽ വേരൂന്നി നിർത്താനും അവരുടെ സർഗ്ഗാത്മക കഴിവുകളെ പരിപോഷിപ്പിച്ച് ദൈവരാജ്യത്തിനും സമൂഹത്തിനും പ്രയോജനപ്രദമാക്കാനുമായി നിരവധി ശ്രദ്ധേയമായ പദ്ധതികളാണ് മേഖല ഇതിനകം വിജയകരമായി പൂർത്തിയാക്കിയത്.

## പ്രധാന പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ:

**1. ധ്വനി 2026 മേഖലാ പി.വൈ.പി.എ. കൺവെൻഷൻ**

മെയ് 1, 2 തീയതികളിൽ തൃക്കണ്ണമംഗൽ എസ്.കെ.വി. സ്കൂളിൽ സംഘടിപ്പിച്ച ദ്വിദിനകൺവെൻഷൻ യുവജനങ്ങൾക്ക് വലിയ ആത്മീയ ഉണർവും മറക്കാനാവാത്ത അനുഭവവുമാണ് സമ്മാനിച്ചത്. മാറ്റമില്ലാത്ത ദൈവവചനത്തിന്റെ ശക്തമായ പ്രഖ്യാപനവും പരിശുദ്ധാത്മ സാന്നിധ്യം നിറഞ്ഞ സംഗീത ശുശ്രൂഷകളും യോഗങ്ങളെ അനുഗ്രഹീതമാക്കി. ആദ്യ ദിവസം തന്നെ ആയിരങ്ങളാണ് സ്കൂൾ ഗ്രൗണ്ടിൽ ഒരുക്കിയിരുന്ന മനോഹരമായ പന്തലിലേക്ക് ഒഴുകിയെത്തിയത്. രണ്ടാം ദിവസവും പന്തൽ ജനനിബിഡമായി. തലേദിവസം വരെ ശക്തമായി തുടർന്നിരുന്ന മഴ, പ്രാർത്ഥനയുടെ ശക്തിയിൽ ആത്മീയ മാരിയായി കൺവെൻഷൻ ദിനങ്ങളിൽ പെയ്തിറങ്ങി. സംഘാടനമികവുകൊണ്ടും വൻ ജനപങ്കാളിത്തം കൊണ്ടും 'ധ്വനി 2026' ശ്രദ്ധേയമായ ഒരു നാഴികക്കല്ലായി മാറി.

**2. ദേശ് കേ ലിയേ (Desh Ke Liye) മിഷൻ പ്രൊജക്റ്റ് ദേശത്തിനായി കൈകോർത്ത് യുവജനത**

ഉത്തരേന്ത്യൻ സുവിശേഷജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം പകർന്ന് കൊട്ടാരക്കര മേഖല പി.വൈ.പി.എ യുടെ മിഷൻ പ്രോജക്ട്'ദേശ് കേ ലിയേ' ശ്രദ്ധേയമാകുന്നു. സുവിശേഷ വെളിച്ചമെത്താത്ത ഗ്രാമങ്ങളിലേക്ക് കാരുണ്യത്തിന്റെയും പ്രത്യാശയുടെയും സന്ദേശമെത്തിക്കുക എന്ന വിശാലമായ ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് 'ദേശ് കേ ലിയേ'.

ഒന്നാം ഘട്ടം: ബിഹാർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പ്രമുഖ മിഷൻ പ്രസ്ഥാനമായ ട്രാൻസ്ഫർമേഷൻ ഇന്ത്യ മൂവ്മെന്റ് (TIM) ഫൗണ്ടർ റവ. ഡോ. ബിജു തോമസിന്, പി.വൈ.പി.എ മേഖല വാർഷിക സമ്മേളന വേദിയിൽ വെച്ച് ആദ്യഘട്ട സാമ്പത്തിക സഹായം കൈമാറി.

രണ്ടാം ഘട്ടം: (മാണ്ഡ്യ മിഷൻ ട്രിപ്പ്): കർണാടകയിലെ മാണ്ഡ്യയിലുള്ള 140 കുരുന്നു ഹൃദയങ്ങളിൽ സ്നേഹത്തിന്റെയും പ്രത്യാശയുടെയും വെളിച്ചം പകരാൻ ജൂൺ ആദ്യവാരം മേഖലയ്ക്ക് സാധിച്ചു. ഐ.പി.സി മാണ്ഡ്യ സെന്ററിന്റെ സഹകരണത്തോടെ ബേഥേൽ ഐ.പി.സി പ്രാർത്ഥനാമന്ദിരത്തിൽ നടന്ന യോഗത്തിൽ നിർധനരായ കുട്ടികൾക്ക് പഠനോപകരണ കിറ്റുകൾ വിതരണം ചെയ്തു. മേഖല കൗൺസിൽ അംഗം പാസ്റ്റർ സാജൻ എൻ.കെ. നേതൃത്വം നൽകിയ കുട്ടികൾക്ക് വേണ്ടിയുള്ള പ്രത്യേക പരിപാടിയിൽ ആക്ഷൻ സോങ്ങുകൾ, മാജിക്കിലൂടെയുള്ള സുവിശേഷ സന്ദേശം, ക്രിസ്തുവിന്റെ ക്രൂശുമരണത്തിന്റെ ദൃശ്യാവിഷ്കാരം എന്നിവ അവതരിപ്പിച്ചു. അനേകം കുഞ്ഞുങ്ങൾ കർത്താവിനായി ജീവിതം സമർപ്പിച്ചു.

മേഖലാ പി.വൈ.പി.എ പ്രസിഡന്റ് ബ്രദർ ജെറിൻ ജെയിംസ്, സെക്രട്ടറി ബ്രദർ മാത്യു ജോൺ, ട്രഷറർ ബ്രദർ ബിബിൻ സാം, വൈസ് പ്രസിഡന്റ് ബ്രദർ ഷോൺ ജി. വിത്സൺ, ജോയിന്റ് ജനറൽ കോർഡിനേറ്റർ ബ്രദർ ഗോഡ്ലി വർഗീസ്, ഓഫീസ് സെക്രട്ടറി ബ്രദർ സാം അലക്സ്, മുൻ താലന്ത് കൺവീനർ ബ്രദർ റോഷൻ ഷാജി, മേഖല പി.വൈ.പി.എ കൗൺസിൽ അംഗം പാസ്റ്റർ സാജൻ എൻ.കെ. എന്നിവരുൾപ്പെട്ട എട്ടംഗ സംഘമാണ് മിഷൻ ട്രിപ്പിൽ പങ്കെടുത്തത്.

**3. തൂഫാൻ 2026 ലഹരിവിരുദ്ധ ബോധവത്കരണവും സംഗീത സന്ധ്യയും**

കേരള സർക്കാരിന്റെ ലഹരിവിരുദ്ധ പോരാട്ടമായ 'ഓപ്പറേഷൻ തൂഫാന്' ഐക്യദാർഢ്യവുമായി കൊല്ലം ബീച്ച് ഓപ്പൺ സ്റ്റേജിൽ 'തൂഫാൻ 2026' സംഘടിപ്പിച്ചു. ഹാഗിയോസ് കൊല്ലം അവതരിപ്പിച്ച ലഹരിവിരുദ്ധ പാവനാടകം അനേകരുടെ ഹൃദയങ്ങളെ സ്പർശിച്ചു. ബ്രദർ ടിബിൻ തങ്കച്ചനും സംഘവും നയിച്ച സംഗീത സന്ധ്യയും, മേഖല പി.വൈ.പി.എ ഇവാഞ്ചലിസം കൺവീനർ ഇവാ. ഷൈൻ കട്ടപ്പന യുടെ സന്ദേശവും സദസ്സിന്റെ ശ്രദ്ധയാകർഷിച്ചു. ഐ.പി.സി കൊട്ടാരക്കര മേഖല വൈസ് പ്രസിഡന്റ് പാസ്റ്റർ ജോൺ റിച്ചാർഡ്സ്, സെക്രട്ടറി ജെയിംസ് ജോർജ് വേങ്ങൂർ എന്നിവർ പങ്കെടുത്ത് പിന്തുണ അറിയിച്ചു. നൂറ്റമ്പതിലധികം പി.വൈ.പി.എ പ്രവർത്തകരും ശുശ്രൂഷകരും വിശ്വാസികളും പങ്കെടുത്തു.

**4. 'ബൈബിൾ ട്രിവിയ' വചനത്തിലേക്ക് ഒരു വാതിൽ**

യുവജനങ്ങളിൽ ദൈവവചന വായനയെ പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെയുള്ള ആത്മീയ വളർച്ച യ്ക്കുമായി പി.വൈ.പി.എ കൊട്ടാരക്കര മേഖല 2026 ലെ കലണ്ടറിനോടനുബന്ധിച്ച് ഒരുക്കിയ ഓൺലൈൻ ബൈബിൾ ക്വിസ് മത്സരമാണ് 'ബൈബിൾ ട്രിവിയ'. കലണ്ടറിലെ ക്യു.ആർ കോഡ് (QR Code) സ്കാൻ ചെയ്ത് ലളിതമായി ഏവർക്കും ഇതിൽ പങ്കെടുക്കാം. ഓരോ മാസവും വർധിച്ചുവരുന്ന പങ്കാളിത്തം യുവജനങ്ങൾ ക്കിടയിൽ ബൈബിൾ ട്രിവിയ ക്വിസ് വൻ സ്വീകാര്യത നേടിയിട്ടുണ്ട് എന്നതിന് തെളിവാണ്. (കലണ്ടറുകൾക്കായി ബന്ധപ്പെടുക: 7012752997).

**5. യുവശബ്ദം**

മേഖലാ പി.വൈ.പി.എയുടെ പ്രവർത്തന വാർത്തകളും അംഗങ്ങളുടെ സർഗ്ഗാത്മക രചനകളും ഉൾപ്പെടു ത്തിക്കൊണ്ട് 'യുവശബ്ദം' ഓൺലൈൻ മാഗസിൻ കൂടുതൽ ജനങ്ങളിലേക്ക് എത്തിച്ചേരുന്നു. കൂടാതെ, യുവശബ്ദം യൂട്യൂബ് ചാനലിലൂടെ മേഖലയുടെ പ്രോഗ്രാമുകൾ തത്സമയം സംപ്രേഷണം ചെയ്യുന്നുണ്ട്. വരും ദിനങ്ങളിൽ യുവജനങ്ങൾക്കായി പ്രചോദനാത്മകമായ പ്രത്യേക പോഡ്കാസ്റ്റ് (Podcast) പരിപാടികൾ ആരംഭി ക്കുവാനുള്ള തയ്യാറെടുപ്പിലാണ് മേഖല പി.വൈ.പി.എ.

ദൈവരാജ്യ വിസ്തൃതിക്കായി സമർപ്പണത്തോടെയുള്ള ഈ യാത്രയിൽ പ്രാർത്ഥനയോടെ സഹകരി ക്കുന്ന ഏവർക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

**ജീവനായി നൽകാം ജീവന്റെ തുള്ളികൾ...**

ഇന്ന് തന്നെ കൊട്ടാരക്കര മേഖലാ പി വൈ പി എ യുടെ

## ജീവൻ സേനയിൽ അംഗമാകൂ

രക്തം ആവശ്യമുള്ളവർ +91 96058 22533 എന്ന നമ്പറിൽ വിളിക്കുക .

പി വൈ പി എ കൊട്ടാരക്കര മേഖലയുടെ പ്രവർ ത്തനങ്ങളെപ്പറ്റി അറിയുവാനും വാർത്തകൾ ലഭി ക്കുവാനും സോഷ്യൽ മീഡിയ പേജുകൾ പിന്തുട രുവാൻ ഈ ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക.

# മെമ്പർഷിപ്പ് 2026

**മെമ്പർഷിപ്പ് ശേഖരണവുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിട്ടുള്ള, മേഖല സമിതിയുടെ തീരുമാനങ്ങൾ വായിച്ചതിനു ശേഷമേ മെമ്പർഷിപ്പ് പുതുക്കാവൂ.**

അടുത്ത ഒരു വർഷത്തേക്കുള്ള മെമ്പർഷിപ്പ് ആണ് ഇപ്പോൾ പുതുക്കേണ്ടത്. ഒരംഗത്തിന് 10 രൂപ വെച്ച് ലോക്കൽ യൂണിറ്റുകൾ സെന്ററിനെ ഏൽപ്പിക്കുകയും, സെന്റർ സമിതികൾ ഒരംഗത്തിന് 7 രൂപ വീതം മേഖല സമിതിയ്ക്ക് നൽകേണ്ടതാണ്. ഈ വർഷത്തെ മെമ്പർഷിപ്പുകൾ ഡിജിറ്റലായി ആണ് സ്വീകരിക്കുന്നത്. സെന്ററുകൾക്ക് നൽകിയിരിക്കുന്ന യൂസർനെയിമും പാസ്സ്‌വേഡും ഉപയോഗിച്ചു മെമ്പർഷിപ്പ് പോർട്ടലിൽ ലോഗിൻ ചെയ്ത ശേഷം ലോക്കൽ യൂണിറ്റുകളെയും അംഗങ്ങളെയും ചേർക്കാവുന്ന താണ്.

2026 ഒക്ടോബർ 31 ന് വൈകിട്ട് 5 മണിയ്ക്ക് മുൻപ് മെമ്പർഷിപ്പുകൾ ഡിജിറ്റ ലായും ഹാർഡ് കോപ്പിയായും മേഖല പി.വൈ.പി.എ സെക്രട്ടറിയെ ഏൽപ്പിക്കുക. പി.വൈ.പി.എ. ഭരണഘടനയനുസരിച്ച് 15 വയസ്സ് മുതൽ 40 വയസ്സ് വരെയുള്ളവർക്ക് മെമ്പർഷിപ്പ് എടുക്കാവുന്നതാണ്. 5, 6 പേജുകളിൽ കാണുന്ന മെമ്പർഷിപ്പ് ഫോം ഫോട്ടോ കോപ്പി എടുത്ത് പൂരിപ്പിച്ചാണ് ഉപയോഗിക്കേണ്ടത്.

അംഗമാകാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും 10 രൂപ രജിസ്ട്രേഷൻ ഫീസ് നൽകി അംഗങ്ങളാകാം. മെമ്പർഷിപ് ഡിജിറ്റലായി സമർപ്പിക്കുന്നതോടൊപ്പം ലോക്കൽ യൂണിറ്റ് സെക്രട്ടറി ഈ ഫോമിന്റെ ഒരു കോപ്പി അതത് യൂണിറ്റിൽ സൂക്ഷിക്കുകയും രണ്ടു കോപ്പിയും ഒറിജിനലും 10 രൂപയും സെന്റർ സെക്രട്ടറിയെ ഏൽപ്പിക്കുകയും, സെന്റർ സെക്രട്ടറി അംഗം ഒന്നിന് 7 രൂപ വീതവും ഒരു കോപ്പിയും ഒറിജിനലും മേഖല സെക്രട്ട റിയെ ഏൽപ്പിക്കുകയും ചെയ്യണം.

മെമ്പർഷിപ്പ് ശേഖരണവുമായി ബന്ധപ്പെട്ടുള്ള സംശയങ്ങൾക്ക്:

**മാത്യു ജോൺ**
**(സെക്രട്ടറി)**
**7012752997**

# MEMBERSHIP FORM 2026

ലോക്കൽ യൂണിറ്റിന്റെ പേര് :

സെന്ററിന്റെ പേര് :

**Reg.No.** :

ലോക്കൽ യൂണിറ്റിന്റെ അഡ്രസ്സ് :

________________________________________

________________________________________

ഫോൺ : ____________________ പിൻകോഡ് : ____________

ലോക്കൽ യൂണിറ്റ് സെക്രട്ടറിയുടെ പേര് :

________________________________________

ഫോൺ : ____________________ ഒപ്പ്

## മെമ്പർഷിപ്പ് വിവരങ്ങൾ സത്യമെന്ന് സാക്ഷ്യപ്പെടുത്തുന്നു

സഭാശുശ്രൂഷകന്റെ പേര് : ഒപ്പ്:

ഫോൺ :

സഭാസെക്രട്ടറിയുടെ പേര് : ഒപ്പ്:

ഫോൺ :

പി.വൈ.പി.എ സെന്റർ പ്രസിഡന്റ്/ സെക്രട്ടറി പേര് : ഒപ്പ്:

സീൽ
ലോക്കൽ പി.വൈ.പി.എ

സീൽ
സെന്റർ പി.വൈ.പി.എ

## ഓഫീസ് ഉപയോഗത്തിന് മാത്രം

സ്വീകരിച്ച തീയതി

| | | |
|---|---|---|
| | | |

**മേഖല പി.വൈ.പി.എ സമിതി ഫോം സ്വീകരിച്ചിരിക്കുന്നു:**

ഓഫീസ് സീൽ

| പ്രസിഡന്റ് | സെക്രട്ടറി | ട്രഷറാർ |
|---|---|---|
| ജെറിൻ ജി ജെയിംസ് | മാത്യു ജോൺ | ബിബിൻ സാം |

**ഫോട്ടോ കോപ്പി എടുത്ത് പൂരിപ്പിച്ചു നൽകുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കൂ. സഭാശുശ്രൂഷകനും സെക്രട്ടറിയും സാക്ഷ്യപ്പെടുത്താത്ത ഫോമുകൾ പരിഗണിക്കുന്നതല്ല.**

| ക്രമ നമ്പർ | പേര്, അഡ്രസ്സ് (പിൻ കോഡ് സഹിതം) | വ്യക്തി വിവരങ്ങൾ | ഫോട്ടോ |
|---|---|---|---|
| | | ജനന തീയതി: | |
| | | ഫോൺ നമ്പർ: | |
| | | ബ്ലഡ് ഗ്രൂപ്പ്: | |
| | | രക്തദാന സേനയിൽ അംഗമാകുവാൻ താൽപ്പര്യമുണ്ടോ? | |
| | | ജനന തീയതി: | |
| | | ഫോൺ നമ്പർ: | |
| | | ബ്ലഡ് ഗ്രൂപ്പ്: | |
| | | രക്തദാന സേനയിൽ അംഗമാകുവാൻ താൽപ്പര്യമുണ്ടോ? | |
| | | ജനന തീയതി: | |
| | | ഫോൺ നമ്പർ: | |
| | | ബ്ലഡ് ഗ്രൂപ്പ്: | |
| | | രക്തദാന സേനയിൽ അംഗമാകുവാൻ താൽപ്പര്യമുണ്ടോ? | |

**എല്ലാ കോളങ്ങളും പൂരിപ്പിക്കുക.**

**ആകെ അപേക്ഷകർ :** ______ **ആകെ ഒടുക്കേണ്ട തുക :** ______ **മെമ്പർഷിപ്പ് ശേഖരണം** ______

| ക്രമ നമ്പർ | പേര്, അഡ്രസ്സ് (പിൻ കോഡ് സഹിതം) | വ്യക്തി വിവരങ്ങൾ | ഫോട്ടോ |
|---|---|---|---|
| | | ജനന തീയതി: | |
| | | ഫോൺ നമ്പർ: | |
| | | ബ്ലഡ് ഗ്രൂപ്പ്: | |
| | | രക്തദാന സേനയിൽ അംഗമാകുവാൻ താൽപ്പര്യമുണ്ടോ? | |
| | | ജനന തീയതി: | |
| | | ഫോൺ നമ്പർ: | |
| | | ബ്ലഡ് ഗ്രൂപ്പ്: | |
| | | രക്തദാന സേനയിൽ അംഗമാകുവാൻ താൽപ്പര്യമുണ്ടോ? | |
| | | ജനന തീയതി: | |
| | | ഫോൺ നമ്പർ: | |
| | | ബ്ലഡ് ഗ്രൂപ്പ്: | |
| | | രക്തദാന സേനയിൽ അംഗമാകുവാൻ താൽപ്പര്യമുണ്ടോ? | |

**എല്ലാ കോളങ്ങളും പൂരിപ്പിക്കുക.**

**ആകെ അപേക്ഷകർ :** ______ **ആകെ ഒടുക്കേണ്ട തുക :** ______ **മെമ്പർഷിപ്പ് ശേഖരണം** ______

# കൊട്ടാരക്കര മേഖല താലന്ത് പരിശോധന – 2026

ദൈവഹിതമായാൽ **കൊട്ടാരക്കര മേഖലാ താലന്ത് പരിശോധന 2026 നവംബർ മാസം 14–ാം തീയതി രാവിലെ 8 മണി മുതൽ കൊട്ടാരക്കര കേരളാ തിയോളജിക്കൽ സെമിനാരിയിൽ** വെച്ച് നടത്തുവാൻ കർത്താവിൽ ആശ്രയിച്ചു തീരുമാനിച്ചിരിക്കുന്നു.

**ലോക്കൽ, സെന്റർ തല താലന്തു പരിശോധനകൾ നടക്കേണ്ട അവസാന തീയതികൾ**

| | | |
|---|---|---|
| ലോക്കൽ തലത്തിൽ | - | ഒക്ടോബർ 15 ന് മുമ്പ് |
| സെന്റർ തലത്തിൽ | - | നവംബർ 7 ന് മുമ്പ് |

മേഖല താലന്തു കമ്മിറ്റി കൈവശം സെന്ററിൽ നിന്ന് വിജയിച്ചവരുടെ ലിസ്റ്റ് ലഭിക്കേണ്ട
**അവസാന തീയതി : നവംബർ 7 ശനിയാഴ്ച വൈകിട്ട് 8 മണിക്ക് മുമ്പ്.**

2026 ലെ താലന്തു പരിശോധന തുടർന്ന് രേഖപ്പെടുത്തിയിരിക്കുന്ന നിബന്ധനകൾ അനുസരിച്ചായിരിക്കും നടക്കുന്നത്. ഈ നിബന്ധനകൾ ലോക്കൽ, സെന്റർ തലങ്ങളിലെ താലന്തു പരിശോധനയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ്. ഒരു വ്യക്തിക്ക് എത്ര ഇനത്തിൽ വേണമെങ്കിലും മത്സരിക്കാം.

## വിഭാഗങ്ങൾ – മത്സരങ്ങൾ

| | | |
|---|---|---|
| 1. | ജൂനിയേഴ്സ് | സംഗീതം, പ്രസംഗം, ബൈബിൾ ക്വിസ്, വാക്യം, ഉപന്യാസം, കഥ, കവിത |
| 2. | ഇന്റർമീഡിയറ്റ് | സംഗീതം, പ്രസംഗം, ബൈബിൾ ക്വിസ്, വാക്യം, ഉപന്യാസം, കഥ, കവിത |
| 3. | സീനിയേഴ്സ് | സംഗീതം, പ്രസംഗം, ബൈബിൾ ക്വിസ്, വാക്യം, ഉപന്യാസം, കഥ, കവിത |

## പൊതു മത്സരങ്ങൾ

| | |
|---|---|
| 1. | ക്ലാസിക്കൽ മ്യൂസിക് |
| 2. | ബൈബിൾ ചിത്രരചന |
| 3. | ഉപകരണ സംഗീതം (5 വിഭാഗങ്ങൾ)<br>a. സ്ട്രിങ് ടൈപ്പ് : വയലിൻ (വെസ്റ്റേൺ & Classical), ഗിറ്റാർ (അക്കോസ്റ്റിക് മാത്രം), ചെല്ലോ, ബാൻജോ, സിത്താർ, വീണ, ഹാർപ്പ്/ലൈർ (Lyre), യൂക്കലേല (Ukulele), സന്തൂർ (Santoor) |
| | b. വിൻഡ് ടൈപ്പ്: ഹാർമോണിയം, അക്കോഡിയൻ, മൗത്ത് ഓർഗൻ, ഫ്ളൂട്ട്, സാക്സോഫോൺ, ക്ലാരിനെറ്റ്, മെലോഡിക്ക |
| | c. ലയ ടൈപ്പ് (ക്ലാസിക്കൽ ഉപകരണം): തബല, മൃദംഗം, ഡോലക്, തകിൽ, ദർബുക്കാ (Darbuka , Goblet drums), ബോംഗോ ഡ്രംസ് (Bongo Drums) |
| | d. വെസ്റ്റേൺ ഉപകരണം: മാനുവൽ ഡ്രംസ്, ട്രിപ്പിൾ, കാജോൺ (Clapbox), ജെംബേ (Djembe ) |
| | e. ഇലക്ട്രോണിക് ടൈപ്പ്: കീബോർഡ്, ഇലക്ട്രോണിക് പിയാനോ |

ഉപകരണ സംഗീതത്തിൽ ഓരോ വിഭാഗങ്ങളിലും മുകളിൽ കൊടുത്തിരിക്കുന്ന ഉപകരണങ്ങൾ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. ഉപകരണ സംഗീതത്തിൽ സ്ട്രിങ്, വിൻഡ്, ലയ, വെസ്റ്റേൺ ഇനങ്ങളിൽ ഇലക്ട്രോണിക് ഉപകരണങ്ങൾ അനുവദനീയമല്ല. (ഉദാഹരണത്തിന് ഇലക്ട്രിക് ഗിറ്റാർ, റിഥം പാഡ്, ബേസ് ഗിറ്റാർ). ഉപകരണ സംഗീതത്തിൽ സെന്ററിൽ നിന്നും ഒന്നാം സ്ഥാനം ലഭിക്കുന്ന വ്യക്തിയ്ക്ക് മാത്രമേ മേഖലാ താലന്ത് പരിശോധനയിൽ മത്സരിക്കാൻ കഴിയുകയുള്ളു.

## ഗ്രൂപ്പ് - മത്സരങ്ങൾ

| |
|---|
| സമൂഹഗാനം (വോക്കൽസ്) |
| ഗ്രാൻഡ് ബൈബിൾ ക്വിസ്സ് |
| ഗ്രൂപ്പ് മത്സരങ്ങളിൽ പങ്കെടുക്കുന്ന എല്ലാ അംഗങ്ങളും പി.വൈ.പി.എ. അംഗങ്ങളായിരിക്കണം. |
| അല്ല എന്ന് തെളിഞ്ഞാൽ ആ ഗ്രൂപ്പിന്റെ മത്സരം അസാധു ആക്കുന്നതായിരിക്കും. |

## പ്രായപരിധി

| | |
|---|---|
| ജൂനിയേഴ്സ് | 1-1-2005 മുതൽ 31-12-2011 വരെ ജനിച്ചവർ;<br>15 മുതൽ 21 വയസ്സ് വരെ |
| ഇന്റർമീഡിയറ്റ് | 1-1-1996 മുതൽ 31-12-2004 വരെ ജനിച്ചവർ;<br>22 മുതൽ 30 വയസ്സ് വരെ |
| സീനിയേഴ്സ് | 1-1-1986 മുതൽ 31-12-1995 വരെ ജനിച്ചവർ;<br>31 മുതൽ 40 വയസ്സ് വരെ |

## നിബന്ധനകൾ

1. മേഖല പി.വൈ.പി.എ. തീരുമാനിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി താലന്ത് പരിശോധന നടത്താത്ത ലോക്കൽ / സെന്ററുകൾക്ക് മേഖലാ താലന്ത് പരിശോധനയിൽ പങ്കെടുക്കുവാൻ അനുവാദമില്ല.
2. 2026 ൽ മേഖലാ തലത്തിൽ പി.വൈ.പി.എ. അംഗത്വം പുതുക്കിയവർക്ക് മാത്രമേ താലന്ത് പരിശോധനയിൽ പങ്കെടുക്കാൻ അനുവാദമുള്ളൂ. (ലോക്കൽ, സെന്റർ തലങ്ങൾക്ക് ഈ നിബന്ധനകൾ ബാധകമായിരിക്കും)
3. താലന്ത് പരിശോധന നടക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ നടത്തിപ്പിനെപ്പറ്റിയുള്ള പരാതികൾ ഉണ്ടെങ്കിൽ പരാതി നൽകാൻ ഉള്ള പ്രത്യേക ഫോം 300 രൂപ നൽകി വാങ്ങി പൂരിപ്പിച്ച് മേഖല താലന്ത് കമ്മറ്റി യുടെ ഗ്രീവൻസ് സെല്ലിന് നൽകണം. ഒരു ഫോമിൽ ഒരു പരാതി മാത്രമേ പരിഗണിക്കുകയുള്ളൂ.
4. താലന്ത് പരിശോധനയിൽ മലയാളം, ഇംഗ്ലീഷ് ഭാഷകൾ മാത്രമേ അനുവദിക്കുകയുള്ളൂ.
5. താലന്ത് കമ്മിറ്റി ആവശ്യപ്പെടുന്ന പക്ഷം മത്സരാർത്ഥികൾ ജനനതീയതി തെളിയിക്കുവാൻ തയ്യാറായിരിക്കണം.
6. താലന്ത് പരിശോധനയിൽ ആഭരണ ധാരികളെ പങ്കെടുപ്പിക്കുന്നതല്ല.
7. മേഖല താലന്ത് പരിശോധനയിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന മത്സരാർത്ഥിക്ക് വ്യക്തിഗത ചാമ്പ്യൻഷിപ്പ് ഉണ്ടായിരിക്കുന്നതാണ്.
8. വിധി കർത്താക്കളുടെയും താലന്ത് കമ്മറ്റിയുടെയും തീരുമാനം അന്തിമമായിരിക്കും.
9. ഉപകരണ സംഗീതം ഒഴികെയുള്ള സിംഗിൾ മത്സരങ്ങൾക്ക് രണ്ടും, ഉപകരണ സംഗീതത്തിനും സമൂഹ ഗാന ത്തിനും ഗ്രൂപ്പ് ബൈബിൾ ക്വിസിനും ഒരു വ്യക്തിക്ക്/ഗ്രൂപ്പിന് മേഖല താലന്ത് പരിശോധനയിൽ പങ്കെടുക്കാം.
10. ഒരു ഇനത്തിൽ പങ്കെടുക്കാൻ രണ്ടു പേരെങ്കിലും ഇല്ലെങ്കിൽ പങ്കെടുക്കുന്ന വ്യക്തിക്ക് ഗ്രേഡ് പോയിന്റ് മാത്രമായിരിക്കും ലഭിക്കുന്നത്.
11. പാസ്റ്റേഴ്സ്, ബൈബിൾ കോളേജ് വിദ്യാർത്ഥികൾ തുടങ്ങിയവർക്ക് പ്രസംഗ മത്സരത്തിൽ പങ്കെടുക്കുവാൻ അനുവാദമില്ല. മറ്റെല്ലാ വിഷയങ്ങൾക്കും പ്രായപരിധിക്കനുസരിച്ച് അതത് വിഭാഗത്തിൽ മത്സരിക്കാം. (ജൂനിയേഴ്സ്, ഇന്റർമീഡിയറ്റ്, സീനിയേഴ്സ്). ലോക്കൽ / സെന്റർ എക്സിക്യൂട്ടീവ്സിനും കമ്മറ്റി അംഗ ങ്ങൾക്കും മേഖലാ പി.വൈ.പി.എ കമ്മറ്റി അംഗങ്ങൾക്കും താലന്ത് പരിശോധനയിൽ പങ്കെടുക്കാൻ കഴിയു ന്നതാണ്. അപ്രകാരം പങ്കെടുക്കുന്നവർ താലന്ത് പരിശോധനയുമായി ബന്ധപ്പെട്ട ക്രമീകരണങ്ങളിൽ നിന്നും തീരുമാനങ്ങളിൽ നിന്നും വിട്ടു നിൽക്കേണ്ടതാണ്.
12. താലന്ത് പരിശോധനയിൽ പങ്കെടുക്കേണ്ട മത്സരാർത്ഥിയുടെ ചെസ്റ്റ് കാർഡിൽ മറ്റ് ആരെങ്കിലും മത്സരിച്ചാൽ മത്സരാർത്ഥിയുടെയും, പകരക്കാരുടെയും, മത്സരിച്ചതും പേര് നൽകിയിട്ടുള്ള മറ്റ് മത്സരങ്ങ ളിലും ലഭിച്ച പോയിന്റ് ഉൾപ്പെടെ അസാധുവാകുന്നതായിരിക്കും.

## ഇനങ്ങളുടെ വിശദീകരണവും മത്സര മാർഗ്ഗനിർദ്ദേശങ്ങളും

13. **സംഗീതം :** (2 മിനിറ്റ്) നോക്കിപ്പാടുവാൻ അനുവദിക്കുന്നതല്ല. ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും പ്രത്യേക മത്സരം ഉണ്ടായിരിക്കുന്നതാണ്. ഈണം (ശ്രുതി), താളം, ലയം, അർത്ഥം, അവതരണ ശൈലി എന്നിവ പരിഗണിക്കപ്പെടും.

14. **പ്രസംഗം :** (5 മിനിറ്റ്) വിഷയം 5 മിനിറ്റ് മുൻപ് നൽകുന്നതാണ്. താലന്ത് കമ്മിറ്റി നൽകുന്ന ബൈബിൾ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. കുറിപ്പുകൾ, നോട്ടുകൾ, പുസ്തകങ്ങൾ, മൊബൈൽ ഫോണുകൾ എന്നിവ അനുവദനീയമല്ല. അവതരണശൈലി (ശരീരഭാഷ, സരസം, ക്രമം/വോയ്സ് മോഡുലേഷൻ) കൂടാതെ മുഖവുര, വിഷയാവതരണം, ഉദാഹരണങ്ങൾ, ബൈബിൾ വാക്യങ്ങൾ എന്നിവ വിലയിരുത്തപ്പെടും.

15. **വാക്യം :** (15 മിനിറ്റ്) ഇംഗ്ലീഷിലോ, മലയാളത്തിലോ എഴുതാവുന്നതാണ്. ഏതു ഭാഷയിലാണോ വാക്യം എഴുതുന്നത് ആ ബൈബിൾ കൈവശം ഉണ്ടായിരിക്കേണ്ടതാണ്. ഇംഗ്ലീഷിൽ വാക്യം എഴുതുന്നവർ NKJV വിവർത്തനം മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ.

## വാക്യമത്സരം, ബൈബിൾ ക്വിസ് പാഠ്യ പുസ്തകങ്ങൾ

| | |
|---|---|
| **ജൂനിയേഴ്സ്** | **പുറപ്പാട്, ലൂക്കോസ്, റോമർ** |
| **ഇന്റർമീഡിയറ്റ്** | **ആവർത്തനപുസ്തകം, മത്തായി, 1 & 2 പത്രോസ്** |
| **സീനിയേഴ്സ്** | **1 & 2 രാജാക്കന്മാർ, അപ്പോസ്തല പ്രവർത്തികൾ, 1 & 2 തെസ്സലൊനീക്യർ** |

വ്യക്തമായ വാക്യങ്ങൾ മാത്രം എഴുതുക. (ഫുൾസ്റ്റോപ്പ് മുതൽ ഫുൾസ്റ്റോപ്പ് വരെ) വായിക്കത്തക്ക രീതിയിൽ എഴുതണം എന്നുള്ളത് നിർബന്ധമാണ്. വായിക്കാൻ കഴിയാത്ത വാക്യങ്ങളെ പരിഗണിക്കാതിരിക്കാൻ വിധികർത്താക്കൾക്ക് പൂർണ്ണ സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്. മത്സരത്തിൽ സമനില വരുന്ന പക്ഷം അക്ഷരത്തെറ്റുകൾ പരിഗണിച്ച് വിജയിയെ നിശ്ചയിക്കുന്നതായിരിക്കും. ക്രമനമ്പർ, റഫറൻസ് നിർബന്ധമായും എഴുതേണ്ടതാണ്. ഇംഗ്ലീഷിൽ വാക്യം എഴുതുന്നവർ NKJV വേർഷനും മലയാളത്തിൽ എഴുതുന്നവർ ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെ OV വേർഷനും മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു.

16. **ബൈബിൾ ക്വിസ്:** മുകളിൽ കാണിച്ചിരിക്കുന്നവിധം ഓരോ വിഭാഗത്തിന് പഠിക്കുവാൻ നൽകിയിരിക്കുന്ന പുസ്തകത്തിൽ നിന്ന് മാത്രമായിരിക്കും ചോദ്യങ്ങൾ നൽകുന്നത്. ബൈബിൾ ക്വിസിനും മുകളിൽ പ്രതിപാദിച്ചിരിക്കുന്ന വിവർത്തനങ്ങൾ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. വേദപുസ്തകത്തിൽ നിന്നല്ലാതെ മറ്റ് ചോദ്യങ്ങൾ നൽകുന്നതല്ല. ഉത്തരങ്ങളിൽ അക്ഷരത്തെറ്റ് ഉണ്ടായാൽ ശരിയുത്തരമായി പരിഗണിക്കുന്നതല്ല. ചോദ്യങ്ങളിലോ ഉത്തരങ്ങളിലോ ഏതെങ്കിലും തരത്തിൽ തർക്കങ്ങൾ ഉണ്ടാകുന്ന പക്ഷം അന്തിമ തീരുമാനം ക്വിസ് മാസ്റ്ററുടേത് ആയിരിക്കും.

17. **ഉപന്യാസം:** (10 മിനിറ്റ്) വിഷയം 5 മിനിറ്റ് മുൻപ് നൽകുന്നതാണ്. വേദപുസ്തകമോ മറ്റ് കുറിപ്പുകളോ ഉപയോഗിക്കുവാൻ അനുവദിക്കുന്നതല്ല. വേദപുസ്തക വീക്ഷണം, ലോകപരമായ ജ്ഞാനം ഇവ തമ്മിൽ യോജിപ്പിച്ച വ്യക്തവും ക്രിയാത്മകവുമായ വിമർശനചിന്തകൾ പരിഗണിക്കപ്പെടും.

18. **കഥ:** (10 മിനിറ്റ്) വിഷയം 5 മിനിറ്റ് മുൻപ് നൽകുന്നതാണ്. ചെറുകഥയിലെ രീതിപോലെ കൃത്യമായി കഥാപാത്രങ്ങളെ അവതരിപ്പിച്ചു അവ ഓരോരുത്തർക്കും വചന അടിസ്ഥാനത്തിലുള്ള സ്വഭാവ വൈശിഷ്ട്യങ്ങൾ, കുപ്രസിദ്ധി അല്ലെങ്കിൽ സുപ്രസിദ്ധി ആദിയായവ വെളിപ്പെടുത്തി ധാർമ്മിക, ആത്മീക പാഠങ്ങൾ ഉൾക്കൊള്ളുന്ന കഥകളാണ് അഭികാമ്യം.

19. **കവിത:** (10 മിനിറ്റ്). വിഷയം 5 മിനിറ്റ് മുൻപ് നൽകുന്നതാണ്. ബൈബിൾ അടിസ്ഥാനമാക്കി വിഷയത്തോട് നീതി പുലർത്തി എഴുതുന്ന ഭാഷയുടെ (ഇംഗ്ലീഷ് / മലയാളം) പദ്യരചനാ നിയമങ്ങൾക്ക് അനുസൃതമായി കവിത എഴുതുക.

20. **ക്ലാസിക്കൽ സംഗീതം:** (5 മിനിറ്റ്) ശ്രുതി മീട്ടണമെങ്കിൽ ഒരു ഉപകരണം മാത്രം ഉപയോഗിക്കാം. എന്നാൽ മൊബൈൽ ഫോണോ മറ്റ് ഡിജിറ്റൽ ഉപകരണങ്ങളോ ഉപയോഗിക്കുവാൻ പാടില്ല. നോക്കിപ്പാടാൻ അനുവദിക്കുന്നതല്ല. ക്ലാസിക്കൽ മ്യൂസിക്കിൽ രാഗങ്ങൾക്ക് അനുസൃതമായി ആലപിക്കുന്ന ശാസ്ത്രീയ സംഗീതത്തിന് മൂല്യം വർദ്ധിക്കും.
21. **ബൈബിൾ ചിത്രരചന:** (15 മിനിറ്റ്) നിർദ്ദേശിക്കുന്ന ക്രിസ്തീയ പ്രമേയത്തെ ആസ്പദമാക്കി ചിത്രം രചിക്കുക. 5 മിനിറ്റ് മുൻപ് വിഷയം നൽകുന്നതാണ്. ചിത്രം രചിക്കാൻ പെൻസിൽ മാത്രമേ അനുവദിക്കുകയുള്ളൂ. ചിത്രം രചിക്കാൻ ആർട്ട് പേപ്പർ നൽകുന്നതാണ്. എന്നാൽ വരയ്ക്കാനുള്ള സാമഗ്രികൾ മത്സരാർത്ഥി തന്നെ കൊണ്ടുവരേണ്ടതാണ്.
22. **ഉപകരണ സംഗീതം:** (4 മിനിറ്റ്) ഉപകരണ സംഗീതത്തിൽ അവതരിപ്പിക്കേണ്ട പാട്ട് അന്നേ ദിവസം രാവിലെ നൽകുന്നതായിരിക്കും. ഇൻട്രോ മ്യൂസിക്, ഇന്റർലൂഡ് മ്യൂസിക് (പല്ലവിക്കും അനുപല്ലവിക്കും ഇടയിൽ) കോർഡുകൾ, കൃത്യമായ ലീഡ് വായന, ആദിയായവ പരിഗണിക്കുന്നതാണ്. ഇലക്ട്രോണിക് ടൈപ്പ് മത്സരത്തിൽ റിഥം അക്കമ്പനിമെന്റ് ഉപയോഗിക്കാം.
23. **ഗ്രാൻഡ് ബൈബിൾ ക്വിസ്സ്:** മേഖലാ താലന്ത് പരിശോധനയിൽ ഈ വർഷം ഒന്നിൽ കൂടുതൽ റൗണ്ടുകൾ ഉള്ള ഗ്രാൻഡ് ബൈബിൾ ക്വിസ് ആയിട്ടാകും ഗ്രൂപ്പ് ബൈബിൾ ക്വിസ്സ് മത്സരം നടത്തുന്നത്. ഒരു സെന്ററിൽ നിന്നും ഒരു ടീമിന് മാത്രമേ പങ്കെടുക്കുവാൻ കഴിയുകയുള്ളൂ (അംഗങ്ങളുടെ എണ്ണം പരമാവധി മൂന്നും കുറഞ്ഞത് രണ്ടും). ഗ്രാൻഡ് ഫിനാലയിൽ അഞ്ച് ടീമുകൾക്ക് മാത്രമായിരിക്കും പങ്കെടുക്കുവാൻ കഴിയുന്നത്. അഞ്ചിൽ കൂടുതൽ ടീമുകൾ രജിസ്റ്റർ ചെയ്യുന്ന പക്ഷം താലന്ത് പരിശോധന ദിവസം ഏതെങ്കിലും സമയത്ത് എലിമിനേഷൻ പ്രിലിമിനറി എഴുത്തു പരീക്ഷ ഉണ്ടായിരിക്കുന്നതാണ്. ലോക്കൽ/സെന്റർ തലങ്ങളിൽ ഒരു റൗണ്ട് മാത്രമുള്ള മത്സരമായി ഗ്രൂപ്പ് ബൈബിൾ ക്വിസ് നടത്താവുന്നതാണ്.
24. **സമൂഹഗാനം (വോക്കൽസ്):** (5 മിനിറ്റ്) സഹോദരന്മാർക്കും സഹോദരിമാർക്കും പ്രത്യേക മത്സരങ്ങൾ ഉണ്ടായിരിക്കുന്നതല്ല. നോക്കി പാടുവാൻ അനുവദിക്കുന്നതല്ല. ഒരു ഗ്രൂപ്പിൽ 10 അംഗങ്ങളിൽ കൂടുതൽ ഉണ്ടായിരിക്കുവാൻ പാടില്ല. കുറഞ്ഞത് 3 പേർ ഉണ്ടായിരിക്കണം. ശ്രുതി, താളം, ലയങ്ങളോടൊപ്പം പാട്ടിന്റെ അർത്ഥം, പാടുന്ന ആളിന്റെ സ്വരയോജിതയും പ്രാധാന്യം അർഹിക്കുന്നു. യൂണിഫോം ധരിക്കുന്നത് കാണാൻ നല്ലതാണെങ്കിലും വിധി നിർണ്ണയത്തിൽ ഇപ്രകാരം ഉള്ള കാര്യങ്ങൾക്ക് സ്ഥാനം ഇല്ല. ആയതിനാൽ കൂടുതൽ പോയിന്റ് ലഭിക്കുന്നതല്ല. ഈ വർഷത്തെ താലന്ത് പരിശോധനയിൽ സമൂഹഗാനം (വോക്കൽസ്) മാത്രമാണ് മത്സരയിനമായി ഉൾപ്പെടുത്തിയിട്ടുള്ളത്. സമൂഹഗാനം (ഓർക്കസ്ട്ര) മത്സരയിനമായി ഉണ്ടായിരിക്കുന്നതല്ല.
25. **രചനമത്സരങ്ങൾക്ക് (ഉപന്യാസം, കഥ, കവിത, ചിത്രരചന)** ബൈബിൾ, മൊബൈൽ തുടങ്ങി യാതൊരു വിധ പ്രസിദ്ധീകരണങ്ങളും തയ്യാറെടുപ്പ് സമയത്ത് ഉപയോഗിക്കാൻ പാടില്ല. എന്നാൽ മത്സരങ്ങൾക്ക് മുൻപ് നിങ്ങളുടെ ചിന്തയിലേക്ക് വരുന്ന കാര്യങ്ങൾ രേഖപ്പെടുത്തുന്നതിന് സംഘാടകർ നൽകുന്ന പേപ്പർ മാത്രം ഉപയോഗിക്കാം.

## രജിസ്ട്രേഷൻ

ഒരു മത്സര ഇനത്തിന് 25 രൂപയും ഒരു ഗ്രൂപ്പിന് 50 രൂപയും ആണ് രജിസ്ട്രേഷൻ ഫീസ്. മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് വ്യക്തിപരമായി കാർഡുകൾ നൽകുന്നതല്ല. സെന്ററിൽ നിന്നും മത്സരിക്കുന്ന എല്ലാ അംഗങ്ങളുടെയും രജിസ്ട്രേഷൻ ഫീസ് ഒരുമിച്ച് മേഖല കമ്മറ്റി നിർദേശിക്കുന്ന സമയത്തിന് മുൻപായി അടച്ച് അതാത് സെന്ററിന്റെ ഉത്തരവാദിത്തപ്പെട്ടവർ മത്സര ദിവസം ചെസ്റ്റ് കാർഡുകൾ ഒരുമിച്ച് കൈപ്പറ്റേണ്ടതാണ്. മേഖലാ താലന്ത് പരിശോധനയിൽ പങ്കെടുക്കുന്ന എല്ലാവർക്കും ഉച്ചഭക്ഷണം കരുതുന്നതായിരിക്കും. കൃത്യം 8.30 ന് മത്സരങ്ങൾ ആരംഭിക്കുന്നതാണ്. ഏതെങ്കിലും ഒരു മത്സരയിനം അവസാനിച്ചശേഷം ആ ഇനത്തിൽ പങ്കെടുക്കുവാൻ പേര് നൽകിയിരുന്ന വ്യക്തിയെയോ ഗ്രൂപ്പിനെയോ ഒരു കാരണവശാലും ആ മത്സരത്തിൽ വീണ്ടും മത്സരിപ്പിക്കുന്നതല്ല. താമസിച്ചു മത്സരത്തിന് എത്തുന്നവർക്ക് സമയം നീട്ടിനൽകുന്നതല്ല.

## ഗ്രേഡിംഗ്

ഈ വർഷത്തെ താലന്തു പരിശോധനയിൽ ഗ്രേഡിംഗ് സിസ്റ്റം ഉണ്ടായിരിക്കുന്നതാണ്. മത്സര വിജയികൾക്ക് പുറമെ നല്ല പ്രകടനം കാഴ്ചവെയ്ക്കുന്ന വ്യക്തികൾക്കും കൂടി പോയിന്റുകൾ നൽകുന്ന സിസ്റ്റം ആണിത്. 60 ശതമാനമോ അതിനു മുകളിലോ മാർക്ക് ലഭിക്കുന്ന എല്ലാ മത്സരാർത്ഥികൾക്കും എ ഗ്രേഡും 5 പോയിന്റും, 50% - 59% മാർക്ക് നേടുന്നവർക്ക് ബി ഗ്രേഡും 3 പോയിന്റും, 40%-49% മാർക്ക് ലഭിക്കുന്നവർക്ക് സി ഗ്രേഡും 1 പോയിന്റും ലഭിക്കുന്നതാണ്. ഉദാഹരണത്തിന് ബൈബിൾ ക്വിസിൽ ഒരാൾക്ക് പത്തിൽ ആറ് മാർക്ക് ലഭിക്കുകയും ഒന്നാം സമ്മാനം ലഭിക്കുകയും ചെയ്താൽ ആ വ്യക്തിക്ക് 5+5 പോയിന്റായിരിക്കും ലഭിക്കുക. വ്യക്തിഗത , ഗ്രൂപ്പ്, പൊതു ഇനങ്ങൾക്ക് ഇതേ പോയിന്റുകൾ ബാധകമായിരിക്കും.

## മത്സരങ്ങൾക്കുള്ള പോയിന്റ് നിലവാരം

| സിംഗിൾ: | | | ഗ്രൂപ്പ്: | | |
|---|---|---|---|---|---|
| ഒന്നാം സ്ഥാനം | രണ്ടാം സ്ഥാനം | മൂന്നാം സ്ഥാനം | ഒന്നാം സ്ഥാനം | രണ്ടാം സ്ഥാനം | മൂന്നാം സ്ഥാനം |
| 5 | 3 | 1 | 7 | 5 | 3 |

| സിംഗിൾ: | | | ഗ്രൂപ്പ്: | | |
|---|---|---|---|---|---|
| എ ഗ്രേഡ് | ബി ഗ്രേഡ് | സി ഗ്രേഡ് | എ ഗ്രേഡ് | ബി ഗ്രേഡ് | സി ഗ്രേഡ് |
| 5 | 3 | 1 | 5 | 3 | 1 |

സെന്ററിൽ നിന്നുമുള്ള വിജയികളായവരുടെ ലിസ്റ്റ് പൂർണ്ണമായും മേഖല പി.വൈ.പി.എ ഒരുക്കുന്ന ഡിജിറ്റൽ സംവിധാനം വഴിയാണ് നൽകേണ്ടത്.

### കൂടുതൽ വിവരങ്ങൾക്ക്

താലന്ത് കൺവീനർ :
**ബ്രദർ ബിനു മോഹനൻ**
**+91 96450 68226**

താലന്ത് ജോയിന്റ് കൺവീനർമാർ:
**ബ്രദർ ജീനു എസ്**
**+91 98957 14217**

**ബ്രദർ റോബർട്ട് റെജി**
**+91 95263 00199**

## PYPA Kottarakara Zone Executives

President
**Br. Jerin G James**
**+91 99610 23437**

Vice President
**Br. Shawn G.Wilson**
**+91 7025135152**

Secretary
**Br. Mathew John**
**+91 70127 52997**

Joint Secretary
**Evg. Sabin P.Sunny**
**+91 81139 03472**

Joint Secretary
**Sis. Amrutha Shibin**
**+91 80864 02116**

Treasurer
**Br. Bibin Sam**
**+91 81139 95778**

Publicity Convenor
**Br.Abin Ponnachan**
**+91 94954 73587**

# देश के लिए
## DESH KE LIYE




## MANDYA MISSION TRIP




DHWANI
## ധ്വനി 2026



PYPA
Kottarakara Zone
Convention Stall






## തൂഫാൻ
ലഹരി വിരുദ്ധ
ക്യാമ്പയിനും
സംഗീതസന്ധ്യയും







Talent Test Champions 2025 -
Pathanapuram Centre



foodplanetadoor@gmail.com

Chef's Food Planet

# Taste of Kerala, Served Right.

WEDDINGS | BIRTHDAY | ENGAGEMENTS

FAMILY GATHERINGS | UNIVERSITY PROGRAM

OFFICE PARTIES



**Chef's Food Planet,**
Konnamankara Mini Bypass, Adoor

+91 80780 47000
+91 99478 28526